"ഭരണഭാഷ — മാതൃഭാഷ"

**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**തദ്ദേശസ്വയംഭരണ വകുപ്പ്,**
**(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് &**
**എഞ്ചിനീയറിംഗ് വിംഗ്), അഞ്ചാം നില,**
**സ്വരാജ്ഭവൻ, നന്തൻകോട്, കവടിയാർ. പി. ഒ**
**തിരുവനന്തപുരം - 695003**

Phone: 0471 – 2324030
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 2/16749/19/സിഇ/തസ്വഭവ

തീയതി: 08.07.2022

**സർക്കുലർ**

വിഷയം :- തസ്വഭവ – LID & EW – കില - കിഫ്ബി – പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം – PMU – പ്രവൃത്തികളുടെ പാർട്ട്/ഫൈനൽ ബില്ലുകൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- കില ഡയറക്ടർ ജനറലിന്റെ 15.06.2022 ലെ 2019/101/6200/HQ നമ്പർ കത്ത്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണ പുരോഗതിക്കനുസരിച്ച് ടി പ്രവൃത്തികളുടെ പാർട്ട് / ഫൈനൽ ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതിനാൽ പ്രവൃത്തികളുടെ ഫിസിക്കൽ പുരോഗതിയും, സാമ്പത്തിക പുരോഗതിയും തമ്മിൽ വലിയ അന്തരമുണ്ടാകുന്നതായും ഓരോ ക്ലസ്റ്ററിലും 30% മുകളിൽ പുരോഗതി കൈവരിച്ചാൽ മാത്രമേ കിഫ്ബിയിൽ നിന്നും centage വിഹിതം ലഭ്യമാകുകയുള്ളൂ എന്നും ആയത് ലഭ്യമാകാത്ത സാഹചര്യം സംജാതമായാൽ ഇത് കിലയുടെ PMU -ന്റെ സാമ്പത്തിക ഘടകത്തെ ബാധിക്കുമെന്നും സൂചന പ്രകാരം അറിയിച്ചിരിക്കുന്നു.

ആയതിനാൽ പ്രവൃത്തികളുടെ പുരോഗതിക്കനുസൃതമായി പാർട്ട്/ഫൈനൽ ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തണമെന്നും സൂപ്പർ വൈസറി ഉദ്യോഗസ്ഥർ ആയത് ഉറപ്പ് വരുത്തണമെന്നും കർശന നിർദ്ദേശം നല്കുന്നു. കിഫ്ബി പ്രവൃത്തികളുമായി ബന്ധപ്പെട്ട കത്തുകളും റിപ്പോർട്ടുകളും ബില്ലും ബന്ധപ്പെട്ട എഞ്ചിനീയർമാർ മുഖേന ഉചിതമാർഗ്ഗേന PMU -ന് സമർപ്പിക്കേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**